**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3301** **11-03-2025 - ൽ മറുപടിയ്ക്ക്**

**കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് കുടിശിക നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് അധിവർഷാനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം അടക്കമുള്ള ആനുകൂല്യങ്ങൾ അപേക്ഷ നൽകിയ ലക്ഷത്തോളം പേർക്ക് നൽകാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലമാണ് അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ടുള്ളത്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായി ചേരുന്ന തൊഴിലാളി 60 വയസ്സ് പൂർത്തിയായി ക്ഷേമനിധിയിൽ നിന്നും പിരിയുമ്പോൾ നൽകുന്ന ആനുകൂല്യമാണ് അധിവർഷാനുകൂല്യം (റിട്ടയർമെന്റ് ബെനഫിറ്റ്). പദ്ധതി ആരംഭം മുതൽ 2003 ജൂലായ് വരെ പ്രതിവർഷം 24/- രൂപയും, 2003 ഓഗസ്റ്റ് മുതൽ 2019 ഡിസംബർ വരെ പ്രതിവർഷം 60/- രൂപയും, 2020 ജനുവരി മുതൽ പ്രതിവർഷം 240/-രൂപയുമാണ് ക്ഷേമനിധിയിലേക്ക് തൊഴിലാളി അടവാക്കേണ്ട അംശാദായത്തിന്റെ നിരക്ക്. തൊഴിലാളി അടയ്ക്കുന്ന നാമമാത്രമായ അംശാദായത്തിന് ബോർഡിൽ നിന്നും പ്രതിവർഷം 625/- രൂപ വീതം, പരമാവധി 25,000/- രൂപ വരെ അധിവർഷാനുകൂല്യമായി നൽകിവരുന്നു (അടച്ച വർഷം x 625/- രൂപ). ഓരോ സാമ്പത്തിക വർഷവും ഏകദേശം 35,000 മുതൽ 40,000 വരെ അധിവർഷാനുകൂല്യ അപേക്ഷകൾ ബോർഡിൽ ലഭ്യമാകുന്നുണ്ട്. 2018 മാർച്ച് വരെയുള്ള അപേക്ഷകളിൽ അധിവർഷാനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ബജറ്റിൽ വകയിരുത്തി ബോർഡിന് ലഭ്യമാക്കുന്ന തുകയും ബോർഡിന്റെ തനത് വരുമാനവും ഉപയോഗിച്ച് നിലവിലെ സാമ്പത്തിക പ്രതിസന്ധിയിലും അധിവർഷാനുകൂല്യം വിതരണം ചെയ്തുവരുന്നുണ്ട്. 2020 ജനുവരി മുതൽ ഭൂവുടമാവിഹിതവും അംശാദായവും വർദ്ധിപ്പിച്ചതിനെ തുടർന്ന് ബോർഡിന് ലഭ്യമായ വരുമാനം ഉപയോഗിച്ച്, വിവാഹ ധനസഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | ധനസഹായം, മരണാനന്തര ധനസഹായം എന്നീ ആനുകൂല്യങ്ങളിൽ അതുവരെ നിലനിന്നിരുന്ന വൻ കുടിശ്ശിക കൊടുത്തു തീർത്ത് ഒരു പരിധിവരെ കാലികമാക്കിയിട്ടുണ്ട്. മുൻ കാലങ്ങളിലെ കുടിശ്ശിക അപേക്ഷകളാണ് നിലവിൽ വിതരണം ചെയ്തുവരുന്നത്. |
| (ബി) | പ്രസ്തുത ബോർഡിലെ അംഗങ്ങൾക്ക് അധിവർഷാനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം അടക്കമുള്ള ആനുകൂല്യങ്ങൾ യുദ്ധകാല അടിസ്ഥാനത്തിൽ നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സർക്കാർ ബജറ്റിൽ വകയിരുത്തി അധിവർഷാനുകൂല്യ വിതരണത്തിനായി ബോർഡിന് അനുവദിക്കുന്ന തുകയും ബോർഡിന്റെ തനത് വരുമാനവും ഉപയോഗിച്ച് അധിവർഷാനുകൂല്യം വിതരണം ചെയ്തുവരുന്നുണ്ട്. വിവാഹ ധനസഹായമിനത്തിലെ അപേക്ഷകൾ ബോർഡിന്റെ തനത് വരുമാനം ഉപയോഗിച്ചും, പ്രസവ ധനസഹായ അപേക്ഷകൾ സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്ത് ലഭ്യമാകുന്ന തുക ഉപയോഗിച്ചും വിതരണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ